Mr. Speaker: The Report is presented.

(3) The Kerala Municipal Corporations (Amendment) Bill, 1969.

Works Minister (**Shri T. K. Divakaran**): Sir, I introduce the Kerala Municipal Corporations (Amendment) Bill, 1969. I also lay on the table a statement showing the circumstances which necessitated the immediate legislation by Ordinance.

Mr. Speaker: The Bill stands introduced.

Shri T. K. Divakaran: Sir, I move that the Kerala Municipal Corporations (Amendment) Bill, 1969, be taken into consideration.

Education Minister (**Shri C. H. Muhammed Koya**): Sir, I second it

മരാമത്ത് മന്ത്രി ശ്രീ. ടി. കെ. ദിവാകരൻ: സർ, ഇപ്പോൾ നിലവിലിരിക്കുന്ന കോർപ്പറേഷൻ ആക്ടിന് അനുസരിച്ച് എല്ലാ കൗൺസിലുകളും തിരഞ്ഞെടുപ്പിനുശേഷം നവംബർ മാസം 1-ാം തീയതിയോടുകൂടിയാണ് നിലവിൽ വരുന്നത്. പുതുതായി ഉണ്ടാക്കിയ കാലിക്കട്ട് കോർപ്പറേഷനും മറ്റും കേരളപ്പിറവി ദിവസമായ നവംബർ 1-ാം തീയതി അധികാരത്തിൽ വരണമെന്ന ഉദ്ദേശത്തോടുകൂടിയാണ് അന്ന് നിയമസഭ അങ്ങനെയൊരു തീരുമാനമെടുത്തത്. പക്ഷേ തിരഞ്ഞെടുപ്പു കഴിഞ്ഞ കൗൺസിലുകളുടെ കാലാവധി അഞ്ചു വർഷമാണ്. അടുത്തകൊല്ലം തിരഞ്ഞെടുപ്പുണ്ടായിരുന്നാലും ഈ കാലയളവിനുള്ളിൽ, നവംബറിൽ മെമ്പർഷിപ്പ് തീരത്തക്കവണ്ണം തിരഞ്ഞെടുപ്പുകൾ നടത്തണമെന്നാണ് ഇന്നത്തെ നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളത്. അതിന് പലപ്പോഴും പല പ്രയാസങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. ചില കാരണങ്ങളാൽ കൗൺസിലുകളുടെ കാലാവധി അഞ്ചുകൊല്ലത്തിനുമേൽ നീട്ടേണ്ട പുറപാടുകളും ഗവണ്മെൻറിനുണ്ടായിട്ടുണ്ട്. പുതിയതായി കൊച്ചിൻ കോർപ്പറേഷൻ രൂപീകരിച്ച അവസരത്തിൽ ഈ നവംബർ മാസം തന്നെ കൗൺസിലുകൾ അധികാരത്തിൽ വരത്തക്കവണ്ണം തിരഞ്ഞെടുപ്പുകൾ നടത്തുക എന്നുള്ളതു പ്രയാസങ്ങൾ ഉണ്ടാക്കുന്നു എന്നു കണ്ടതുകൊണ്ടും തിരഞ്ഞെടുപ്പുകൾ വളരെ നീട്ടിക്കൊണ്ടു പോകുന്നതു ശരിയല്ലെന്നു കണ്ടതുകൊണ്ടും ഏതവസരത്തിലും പുതിയ കൗൺസിലുകൾ അധികാരത്തിൽ വരുത്തുന്നതിനും മേയറേയും ഡെപ്യൂട്ടി മേയറേയും തിരഞ്ഞെടുക്കുന്നതിനും ഗവണ്മെൻറിന് അധികാരം നൽകുന്നതിനു വേണ്ടിയാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളതു. ഇക്കഴിഞ്ഞ കൊച്ചിൻ കോർപ്പറേഷൻ തിരഞ്ഞെടുപ്പു നടന്ന അവസരത്തിൽ അന്നു തിരഞ്ഞെടുക്കപ്പെട്ട കൗൺസിലിനു അന്നു നിലവിലിരുന്ന നിയമപ്രകാരം നവംബർ മാസത്തിൽ മാത്രമേ അധികാരത്തിൽ വരാൻ പറ്റുകയുള്ളു എന്നു കണ്ടതുകൊണ്ടു അത്രവരെ നീട്ടിക്കൊണ്ടു പോകേണ്ടതില്ലെന്നു കരുതി ഈ ഓർഡിനൻസ് മൂലം ആ കൗൺസിലിനെ നേരത്തെ അധികാരത്തിൽ വരുത്തുകയുണ്ടായി. ഇതിനുവേണ്ടിയാണ് അടിയന്തിരമായി ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളതു. ഇതു നിയമമാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. എസ്. നീലകണ്ഠൻനായർ: സർ, ഈ നിയമത്തെ അനുകൂലിക്കുന്നതോടൊപ്പം എനിക്ക് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളതു ഒരു കാര്യമാണ്. അതായതു് നവംബർ 1-ാം തീയതി എന്നുള്ളതിനു കേരളപ്പിറവി ദിനം എന്നതിനുപരിയായി വളരെ പ്രാധാന്യമുണ്ടെന്നുള്ള സംഗതി നാം മനസിലാക്കണം. അതായതു് പുതിയ സ്റ്റാൻഡിംഗ് കമ്മിറ്റികളും പുതിയ മേയറും വന്നുകഴിഞ്ഞാൽ ഉടൻതന്നെ അടുത്തവർഷത്തേയുള്ള ബഡ്ജറ്റ് അവതരിപ്പിക്കേ

LIBRARY ARCHIVES Kerala Legislative Assembly

വാനുള്ള ഒരു സാഹചര്യം എല്ലാ കൗൺസിലുകൾക്കും ഉണ്ടാകാൻ വേണ്ടിയാണു് നവംബർ 1—ാം തീയതി എന്നു തീരുമാനിച്ചിട്ടുള്ളതെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. പണ്ടത്തെ നിയമമനുസരിച്ചു്, തിരുവനന്തപുരം സിറ്റി മുനിസിപ്പൽ ആക്ടിൽ അന്നു ഭേദഗതി വരുത്തിയതു് ജാനുവരി മാസം എന്നായിരുന്നു. അപ്പോൾ ജാനുവരിയിൽ കൂടുന്ന കൗൺസിൽ ഒരു സ്റ്റാൻഡിംഗ് കമ്മിറ്റിയെ എടുത്തുകഴിഞ്ഞാൽ ഫെബ്രുവരിയിൽ ആദ്യത്തെ ആഴ്ചയിൽത്തന്നെ ബഡ്ജറ്റു് അവതരിപ്പിക്കേണ്ടിവരുന്ന ഒരു ചുറ്റുപാടാണു് ആ നിയമത്തിലുണ്ടായിരുന്നതു്. അതൊഴിവാക്കാൻവേണ്ടിയാണു് നവംബർ ആദ്യം എന്നുവച്ചതു്. പക്ഷേ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ, കൊച്ചിൻ കോർപ്പറേഷൻ തിരഞ്ഞെടുപ്പു നടത്തിയ ഉടൻതന്നെ കൗൺസിലിനെ അധികാരത്തിൽ കൊണ്ടുവരാൻ വേണ്ടിയാണു് ഇങ്ങനെ ഒരു ഓർഡിനൻസു് കൊണ്ടുവന്നതു്. തിരുവനന്തപുരത്തു് നിലവിലുള്ള കോർപ്പറേഷൻ കൗൺസിൽ ഒക്ടോബർ മാസത്തിലാണു് നിലവിൽ വന്നതു്. അപ്പോൾ മേയറുടേയും മറ്റു് കമ്മിറ്റി അംഗങ്ങളുടേയും കാലാവധി ഒക്ടോബർ തൊട്ടു് അടുത്ത നവംബർ വരെയായിരിക്കും. ഒരു കൊല്ലത്തിൽ അല്പം കൂടുതൽ, അതായതു് ഒന്നോരണ്ടോ മാസം കൂടുതൽ കാലാവധി കൊടുക്കണമെന്നു മാത്രമേയുള്ള. അതുപോലെ തന്നെ കൊച്ചിൻ കോർപ്പറേഷൻ കൗൺസിലിനും മേയർക്കും ഡെപ്യൂട്ടിമേയർക്കും സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്കും കുറച്ചുകാലം നീട്ടിക്കൊടുത്താൽ മതിയാകുമായിരുന്നു. അതുകൊണ്ടു് വലിയ കുഴപ്പവും ഉണ്ടാകാനിടയില്ല. എനിക്കു പറയുവാനുള്ളതു് ഞാൻ പറഞ്ഞ ഇക്കാര്യംകൂടി ഗവണ്മെന്റു് കണക്കിലെടുക്കണമെന്നാണു്. കഴിയുന്നിടത്തോളം നവംബറിൽത്തന്നെ കൗൺസിലിന്റെ തിരഞ്ഞെടുപ്പു നടത്തുന്നതിനും അധികാരം ഏറ്റെടുക്കുന്നതിനുമുള്ള ഏർപ്പാടു് ഉണ്ടാക്കണം. അതിനു് അനുസരണമായ നിർദ്ദേശങ്ങൾ കോർപ്പറേഷനുകൾക്കും മറ്റു ഡിപ്പാർട്ടുമെന്റുകൾക്കും നൽകണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, എനിക്കൊരു സംശയമുണ്ടു്. അതായതു് പഴയബില്ലിലെ സെക്ഷൻ 67 അനുസരിച്ചു് അഞ്ചു് വർഷമായിരിക്കും കൗൺസിലിന്റെ കാലാവധി എന്നു വച്ചിട്ടുണ്ടു്. ഇപ്പോഴുള്ള ഭേദഗതി

'The term of office of councillors shall, save as otherwise expressly provided be five years commencing from such date as the Government may, by notification in the gazette, appoint' എന്നാണു്.

അതായതു് കാലാവധിതീരുന്നതു് ഗവണ്മെന്റു് നോട്ടിഫൈ ചെയ്യുന്ന തീയതി മുതൽ അഞ്ചുവർഷം തികയുമ്പോഴാണു്. എന്റെ സംശയം നോട്ടിഫിക്കേഷൻ എന്നു പറയുന്നതു് എലക്ഷൻ നോട്ടിഫിക്കേഷനാണോ അതോ ഇതിനുവേണ്ടി ഒരു പ്രത്യേക നോട്ടിഫിക്കേഷൻ ആണോ എന്നുള്ളതാണു്. ഈ സെക്ഷൻ വായിച്ചാൽ ആ അവധി നിശ്ചയിക്കുന്നേ പ്രയാസമാണു്. അപ്പോൾ പ്രത്യേക നോട്ടിഫിക്കേഷൻ വേണമോ എന്നുള്ളതാണു് എന്റെ സംശയം.

Mr. Speaker: Mr. Mani has given notice of an amendment for reference of the bill to a select committee. But he is not in his seat.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ഇവിടെ രണ്ടു കാര്യങ്ങളാണു് ഉന്നയിച്ചിട്ടുള്ളതു്. ഒന്നു്, നവംബർ എന്നുദ്ദേശിക്കപ്പെട്ടിരിക്കുന്നതു് സ്റ്റാൻഡിംഗ് കമ്മറ്റി കൂടുക്കും മേയർക്കും ബഡ്ജറ്റു് അവതരിപ്പിക്കുന്നതിനു് സമയം കിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണെന്നു് സൂചിപ്പിച്ചതാണു്. നവമ്പർ മാസത്തിൽത്തന്നെ അധികാരത്തിൽ വന്നാൽ അതിനു സൗകര്യമാണു്. എന്നാൽ ഈ നിയമത്തിൽത്തന്നെ കൗൺസിലിന്റെ കാലാവധി നീട്ടണമെങ്കിൽ അങ്ങനെ നീട്ടുന്നതിനു് ഗവണ്മെന്റിനു് അധികാരമുണ്ടു്. എന്നാൽ ഈ നിയമം നിലവിലിരുന്നാൽ നീട്ടലു

LIBRARY ARCHIVES Kerala Legislative Assembly

കൗൺസിൽ ചില പരിമിതികളുണ്ടാകും. ചില കാരണങ്ങളാൽ, അത്യന്തം അത്യാവശ്യമായ ഡിലിമിറ്റേഷനോ ലിസ്റ്റ് തയ്യാറാക്കാനോ, കൗൺസിലുകളുടെ കാലാവധി താൽക്കാലികമായി നീട്ടണമെന്ന് ഗവണ്മെൻറിനു തോന്നിയാൽത്തന്നെ ഈ നിയമം നിലവിലിരുന്നാൽ അങ്ങനെ നീട്ടുന്നതിനും, നവമ്പറിൽത്തന്നെ ഇലക്ഷൻ നടത്തത്തക്കരീതിയിൽ തുടർന്നു പോകുന്നതിനും സൗകര്യമുണ്ട്. എന്നാൽ നിലവിലുള്ള വ്യവസ്ഥ നിയമത്തിൽ സ്ഥാനം പിടിച്ചാൽ പുതിയതായി കോർപ്പറേഷനരൂപംകൊള്ളുമ്പോഴും പ്രയാസകരമാകുമെന്നുള്ളതുകൊണ്ടാണ് ഇങ്ങനെ പ്രത്യേകമായി തീയതിനിശ്ചയിക്കേണ്ടതില്ലെന്ന് ഗവണ്മെൻറു കരുതുന്നത്.

ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച സംശയത്തെപ്പറ്റി പറയുകയാണെങ്കിൽ സാധാരണമായും ഗവണ്മെൻറ് നോട്ടിഫിക്കേഷൻ കൊടുത്തു തിരഞ്ഞെടുപ്പു നടത്തിക്കഴിഞ്ഞശേഷം വരുന്ന കൗൺസിലുകളെ കൗൺസിലുകളല്ലാതെ നിറുത്തുകയെന്ന ഉദ്ദേശം ഗവണ്മെൻറിന് ഒരിക്കലും ഉണ്ടായിരിക്കുകയില്ല തിരഞ്ഞെടുപ്പിനുശേഷം "duly constituted councils" ആയി ഗവണ്മെൻറ് നോട്ടിഫൈ ചെയ്യണമെന്നമാത്രമേ ഈ വകുപ്പുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളൂ.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണ് ഉദ്ദേശമെങ്കിൽ ഈ വകുപ്പ് മതിയാകുമോ എന്ന സംശയമുണ്ട്. Date of notification constituting the council പറയുകയല്ലേ നല്ലത്? ഇക്കാര്യത്തിനുവേണ്ടി മാത്രമായിട്ട് ഒരു നോട്ടിഫിക്കേഷൻ വേണ്ടിവരുന്ന രീതിയിൽ അല്ലേ ഇപ്പോഴും എഴുതിയിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ വേണമെങ്കിൽ

'The term of office of councillors shall, save as otherwise expressly provided be five years commencing from such date as the Government may, by notification constitute the Council or from the date of declaration of the election.

ഈ രീതിയിൽ ഏതെങ്കിലും ഇല്ലെങ്കിൽ ഇക്കാര്യത്തിനുവേണ്ടി മാത്രമായിട്ട് ഒരു നോട്ടിഫിക്കേഷൻ വേണ്ടിവരികയില്ലേ?

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ടേമിൻറെ കാര്യത്തിലും ഒരു തീരുമാനം വരുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്ന തീയതി മുതലായിരിക്കും ആഫ്കൊല്ലം.

ശ്രീ. ഇ ചന്ദ്രശേഖരൻനായർ: ഒരു പുതിയ നോട്ടിഫിക്കേഷൻ ആവശ്യമായിവരുന്നുണ്ട്. 67 അനുസരിച്ച് അതിൻറെ ആവശ്യമുണ്ടോ എന്നാണ് എൻറെ സംശയം.

ശ്രീ. ടി. കെ. ദിവാകരൻ: അങ്ങനെയുള്ള സംശയത്തിനു ഒരു വകയില്ല.

Deputy Speaker in the chair: The question that the Kerala Municipal Corporations (Amendment) Bill, 1969 be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 *to* 5

The question that clauses 2 to 5 stand part of the Bill was put and carried

Clauses 2 to 5 were added to the Bill.

Clause 1, preamble and Title

The question that clause 1, preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Shri T. K Divakaran: Sir, I move that the Kerala Municipal Corporation (Amendment) Blll, 1969 be finally passed.

Labour Minister (**Shri Mathai Manjooran**): I second it.

The question that the Kerala Municipal Corporations (Amendment) Bill, 1969 be passed was put and carried. The Bill was passed.

THE PAYMENT OF WAGES (KERALA AMENDMENT) BILL, 1968.

Labour Minister (**Shri Mathai Manjooran**): Sir, I move that the payment of Wages (Kerala Amendment) Bill, 1968 as reported by the select committee be taken into consideration.

Works Minister (**Shri T.K. Divakaran**): Sir, I second it.

ശ്രീ. മത്തായിമാഞ്ഞൂരാൻ: സർ, ഈ ബില്ല് സെലക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം സഭയുടെ മുമ്പാകെ വന്നിരിക്കുകയാണ്. The Kerala Financial Aid (to the discharged or dismissed labour) Rules, 1958. അനുസരിച്ച് ട്രൈബ്യൂണലിന്റെ മുമ്പിലോ കോടതിയുടെ മുമ്പിലോ കേസ്സുകൾ നടന്നുകൊണ്ടിരിക്കുമ്പോൾ ഡിസ്മിസ് ചെയ്യപ്പെടുകയോ ഡിസ്ചാർജ്ജ് ചെയ്യപ്പെടുകയോ ചെയ്യപ്പെട്ട തൊഴിലാളികൾക്കു സാമ്പത്തിക സഹായം നല്കാമെന്നാണ് വ്യവസ്ഥ. അങ്ങനെ നൽകുന്ന സഹായം തിരിച്ചു നൽകുന്നതിനുള്ള വ്യവസ്ഥയാണ് ഇതു്. അതുകൊണ്ട് ഇതു് പാസ്സാക്കിത്തരണമെന്നു് അഭ്യർത്ഥിക്കുകയാണ്

ശ്രീ. പി. എസ്. നമ്പൂതിരി: സർ, സെലക്ട് കമ്മിറ്റി യാതൊരു ഭേദഗതിയും വരുത്താതെ അയച്ചിട്ടുള്ള ഈ ബില്ല് പാസ്സാക്കുന്നതിൽ എനിക്കു് യാതൊരു എതിർപ്പുമില്ല. പാസ്സാക്കാം. ഗവണ്മെന്റ് ഏതെങ്കിലും തൊഴിലാളിക്കു് സാമ്പത്തികസഹായം നൽകിയിട്ടുണ്ടെങ്കിൽ അതു മുതലാളിയിൽനിന്നു ഈടാക്കാനാണ് വ്യവസ്ഥ. പക്ഷേ, 1958–ലെ റൂൾ അനുസരിച്ച് ആക്കെക്കിലും പണം കൊടുത്തിട്ടുണ്ടെങ്കിൽ അതുപിടിച്ചെടുക്കാൻ വ്യവസ്ഥയില്ല. ആ വ്യവസ്ഥയില്ലാതിരുന്നതുകൊണ്ട് എത്രമാത്രം ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെന്നു് എനിക്കറിഞ്ഞുകൂടാ. എനിക്കു പറയാനുള്ളതു്, ഈ സഹായം ഗവണ്മെൻറിൽനിന്നും കൊടുക്കുന്നതിനു പകരം കഴിയുന്നിടത്തോളം എംപ്ലായറെക്കൊണ്ടുതന്നെ കൊടുപ്പിക്കാൻ എന്തെങ്കിലും ഏർപ്പാടുണ്ടാക്കാൻ കഴിയുമോ എന്നു നോക്കണമെന്നാണ്. അതിനു സാധിക്കുമോ എന്നുള്ള കാര്യത്തെപ്പറ്റി എനിക്കു് വ്യക്തമായി ഒന്നും പറയാൻ ഇപ്പോൾ സാധിക്കുകയില്ല. ഏതായാലും 1958–ലെ റൂൾ അനുസരിച്ച് കുറച്ചുപേർക്കു് പണംകൊടുത്തിട്ടുണ്ട്. അതിന്റെ വിശദമായ വിവരം ബഹുമാനപ്പെട്ടമന്ത്രി തന്നാൽ കൊള്ളാം. ഏതായിരുന്നാലും അങ്ങനെ കൊടുക്കേണ്ടിവന്നാൽ അതു തിരിച്ചുപിടിക്കാൻ വ്യവസ്ഥവേണം. 1958–ലെ റൂൾ അനുസരിച്ച് എത്രപേർക്കു് സഹായംകൊടുത്തിട്ടുണ്ടെന്നും അതിൽ എത്രമാത്രം പിടിച്ചെടുക്കാൻ കഴിയാതെവന്നിട്ടുണ്ടെന്നും അറിഞ്ഞാൽ കൊള്ളാം. പിടിച്ചെടുക്കാനുള്ള അധികാരം കിട്ടികഴിഞ്ഞാലെങ്കിലും പിരിച്ചുവിട്ടതൊഴിലാളികൾക്കു് സാമ്പത്തികസഹായം ചെയ്യാൻ കഴിഞ്ഞാൽ നല്ലതാണ്. സെലക്ട് കമ്മിറ്റി പരിശോധിച്ചതിനുശേഷമാണ് ഈ നിയമം വന്നിട്ടുള്ളതെങ്കിലും ഇതൊന്നു വ്യക്തമാക്കിയാൽ കൊള്ളാം.

തൊഴിൽമന്ത്രി (ശ്രീ മത്തായിമാഞ്ഞൂരാൻ): സർ, 1958–ലെ റൂൾ അനുസരിച്ചു കൊടുത്തിട്ടുള്ളതു പലതും തിരിച്ചുപിടിക്കാൻ സാധിക്കാത്തതുകൊണ്ട് 1963–ൽ ഒരു നിയമം കൊണ്ടുവന്നിട്ടുണ്ട്. അതിനുശേഷവും കൊടുത്ത പണം പിടിച്ചെടുക്കാനുള്ള അസൗകര്യംമൂലം കഴിയുന്നിടത്തോളം കൊടുക്കാതിരിക്കാനാണ് ഗവണ്മെൻറ് ശ്രമിച്ചിട്ടുള്ളതു്. അതിനു് ഒരു മാറ്റംവരുത്തി കഴിയുന്നിടത്തോളം കൊടുക്കാനും

LIBRARY ARCHIVES Kerala Legislative Assembly